# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 152 04.06.2018-ൽ മറുപടിക്ക്**

### ഷുഹൈബിന്റെ കൊലപാതകം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അനിൽ അക്കര | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) യൂത്ത് കോൺഗ്രസ്സ് മട്ടന്നൂർ ബ്ലോക്ക് പ്രസിഡന്റായിരുന്ന ഷുഹൈബിന്റെ കൊലപാതകം സംബന്ധിച്ച കേസിൽ, സി.ബി.ഐ അന്വേഷണത്തിന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഏർപ്പെടുത്തിയ സ്റ്റേ നീക്കി കിട്ടുന്നതിനായി, ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;<br>(ബി) അപ്രകാരമുള്ള ഒരു നിലപാട് സ്വീകരിക്കുന്നതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും | ഈ കേസിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം ശരിയായ രീതിയിലാണ് നടക്കുന്നത്, പോലീസ് കേസിലെ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ ബഹു ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത കേസിൽ ബഹു ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല, ആയതിനാൽ സർക്കാർ ഫയൽ ചെയ്ത അപ്പീലിൽ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു ഹൈക്കോടതിക്ക് നിർദ്ദേശം നൽകണമെന്നും ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി പരിഗണിക്കേണ്ടതില്ല എന്നാണ് |

| | |
|---|---|
| | ബഹു സുപ്രീം കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട്. |
| (സി) പ്രസ്തുത കേസിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം, കേസിലെ ഗൂഢാലോചന പുറത്ത് കൊണ്ടുവരുവാൻ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ, എങ്കിൽ ഇതുവരെയുള്ള കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;<br>(ഡി) ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ ഗൂഢാലോചന സംബന്ധിച്ച കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ടോ; | (സി) യും (ഡി) യും ഉണ്ട്. ഈ കേസിൽ ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങൾ പോലീസ് അന്വേഷിക്കുകയും, പതിനൊന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും, കുറ്റ പത്രം കോടതി മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ഉന്നത രാഷ്ട്രീയനേതാക്കന്മാരുമായി പ്രതികൾക്കുള്ള ബന്ധം സംബന്ധിച്ച് സംസ്ഥാന പോലീസ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഇ) പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയ പ്രാദേശിക രാഷ്ട്രീയ നേതാക്കളുടെ പങ്ക് സംബന്ധിച്ച് കുറ്റപത്രത്തിൽ പരാമർശിക്കുന്നുണ്ട്. |
| (എഫ്) സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡിംഗ് കൗൺസിലിന് പുറമെ മറ്റേതെങ്കിലും അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത അഭിഭാഷകന് നൽകിയ ഫീസും, മറ്റ് ചെലവുകളും എത്രയാണെന്ന് അറിയിക്കാമോ? | (എഫ്) ഉണ്ട്. ഫീസും, മറ്റ് ചെലവുകളും അനുവദിച്ച് നൽകിയിട്ടില്ല |

**സെക്ഷൻ ഓഫീസർ**